**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 1782 — 01.11.2019-ൽ മറുപടിക്ക്

**കണ്ണൂർ ജില്ലയിലെ ഗവൺമെന്റ് പോളിടെക്നിക്ക്**

| ചോദ്യം<br>ശ്രീ. കെ.സി.ജോസഫ് | മറുപടി<br>ഡോ. കെ. ടി. ജലീൽ<br>(ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
|---|---|
| (എ) കണ്ണൂർ ജില്ലയിലെ നടുവിൽ ആരംഭിക്കുവാൻ തീരുമാനിച്ച ഗവൺമെന്റ് പോളിടെക്നിക്കിന്റെ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;<br><br>(ബി) പ്രസ്തുത പോളിടെക്നിക്കിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കുവാൻ സംസ്ഥാന ഗവൺമെന്റിൽ നിന്നും ഫണ്ട് അനുവദിച്ചിട്ടുണ്ടോ; | (എ) & (ബി) നടുവിൽ പോളിടെക്നിക്കിന് വേണ്ടിയുള്ള 5 ഏക്കർ സ്ഥലം, നടുവിൽ ടെക്ക്നിക്കൽ ഹൈസ്കൂളിന്റെ കൈവശമുള്ള ഭൂമിയിൽ നിന്നും കൈമാറുന്നതിന് 9.10.2019 ലെ സ.ഉ.(കൈ) നം. 307/2019/റവ പ്രകാരം ഉത്തരവായിട്ടുണ്ട്. അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി കെട്ടിട നിർമ്മാണത്തിന് അധികമായി വേണ്ടി വരുന്ന 2.07 കോടി രൂപയുടെ നിർദ്ദേശം 21.10.2019 തീയതിയിലെ വകുപ്പുതല വർക്കിങ് ഗ്രൂപ്പിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) എം.എൽ.എ., എം.പി. ഫണ്ടുകൾ മുഖേന പോളിടെക്നിക്കിനും ടെക്നിക്കൽ ഹൈസ്കൂളിനും അനുവദിച്ച കെട്ടിടങ്ങളുടെ നിർമ്മാണ പുരോഗതി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (സി) എം.പി. ഫണ്ടിൽ നിന്നും അനുവദിച്ച തുകയുപയോഗിച്ച് നടുവിൽ പോളിടെക്നിക്കിന് വേണ്ടിയുള്ള നിർദ്ദിഷ്ട കെട്ടിടത്തിന്റെ ഒന്നാം നില പൂർത്തിയായി. എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് നടത്തുന്ന രണ്ടാം നിലയുടെ നിർമ്മാണ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. ടെക്ക്നിക്കൽ ഹൈസ്കൂളിന് എം.എൽ.എ., എം.പി. ഫണ്ടുകൾ ലഭിച്ചിട്ടില്ല. |

| | | |
|---|---|---|
| (ഡി) | 2020-21 അദ്ധ്യയനവർഷം പോളിടെക്നിക്കിൽ പ്രവേശനം ആരംഭിക്കാൻ കഴിയുന്ന വിധം അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കുവാനുള്ള നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ? | (ഡി) സമയബന്ധിതമായി കെട്ടിട നിർമ്മാണം, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഒരുക്കാൻ സാധിച്ചാൽ 2020-21 അക്കാദമിക വർഷം AICTE അംഗീകാരം നേടുന്നതിനും ക്ലാസ്സുകൾ ആരംഭിക്കുന്നതിനും കഴിയുന്നതാണ്. |

Manoj M

സെക്ഷൻ ഓഫീസർ.